2026
FEBRUARY
20
FRIDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

Home Delivery

# ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി: ഗിന്നസ് ലോക റെക്കോർഡ് സ്ഥാപിച്ച് ഇന്ത്യ

**ന്യൂഡൽഹി:** ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടിയിൽ 24 മണിക്കൂറിനുള്ളിൽ 2.5 ലക്ഷത്തിലധികം എഐ ഉത്തരവാദിത്വ പ്രതിജ്ഞകളുമായി ഇന്ത്യ, ഗിന്നസ് ലോക റെക്കോർഡ് സ്ഥാപിച്ചതായി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പ്രഖ്യാപിച്ചു.

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ഇന്ത്യ എഐ ഇംപാക്ട് ഉച്ചകോടി2026 ലാണ് ഇലക്ട്രോണിക്സ്, ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം (Meity) സെക്രട്ടറി എസ്. കൃഷ്ണൻ, മന്ത്രാലയം അഡീഷണൽ സെക്രട്ടറിയും ഇന്ത്യ എഐ മിഷൻ സിഇഒയും എൻഐസി ഡയറക്ടർ ജനറലുമായ അഭിഷേക് സിംഗ്, ഇന്ത്യ എഐ സിഒഒ കവിത ഭാട്ടിയ, ഇന്റൽ സെൻട്രൽ എഞ്ചിനീയറിംഗ് ഗ്രൂപ്പിന്റെ എസ്‌വിപിയും ജിഎമ്മുമായ ശ്രീനിവാസൻ അയ്യങ്കാർ എന്നിവരുടെ സാന്നിധ്യത്തിലാണ ഗിന്നസ് ലോക റെക്കോർഡ്സ് അഡ്ജുഡിക്കേറ്റർ പ്രവീൺ പട്ടേൽ ഒദ്യോഗിക പ്രഖ്യാപനം നടത്തിയത്.




ഇന്റൽ ഇന്ത്യയുമായി സഹകരിച്ച് ഇന്ത്യഎഐ മിഷന്റെ കീഴിൽ ഫെബ്രുവരി 16 ന് ആരംഭിച്ചതാണ് രാജ്യവ്യാപകമായ എഐ ഉത്തരവാദിത്വ പ്രതിജ്ഞാ ക്യാമ്പയിൻ. aipledge.indiaai.gov.in എന്ന പോർട്ടലിലൂടെ രാജ്യത്തുടനീളമുള്ള പൗരന്മാരെ നിർമിത ബുദ്ധിയുടെ ധാർമ്മികവും സമഗ്രവും ഉത്തരവാദിത്വപരവുമായ ഉപയോഗത്തിന് പ്രതിജ്ഞാബദ്ധരാക്കാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു ഈ സംരംഭം. ഡാറ്റ സ്വകാര്യത, ഉത്തരവാദിത്വം, സുതാര്യത എന്നിവയെ അടിസ്ഥാനമാക്കിയുള്ള ചോദ്യങ്ങളിലൂടെ തെറ്റായ വിവരങ്ങളെ പ്രതിരോധിക്കൽ തുടങ്ങിയ പ്രധാന വശങ്ങളെക്കുറിച്ച് ചിന്തിച്ച് വിശ്വസനീയവും മനുഷ്യകേന്ദ്രീകൃതവുമായ എഐ ആവാസവ്യവസ്ഥ കെട്ടിപ്പടുക്കുക എന്ന കാഴ്ചപ്പാടായിരുന്നു മുന്നോട്ടു വെച്ചത്. പ്രതിജ്ഞ പൂർത്തിയാക്കിയ പങ്കാളികൾക്ക് ഡിജിറ്റൽ ബാഡ്ജും എഐ പഠന മാർഗങ്ങളിലേക്കുള്ള പ്രവേശനവും ലഭിച്ചു. രാജ്യത്തിന്റെ അഭിമാനകരമായ നേട്ടമാണ് കൈവരിക്കാൻ സാധിച്ചതെന്ന് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. പ്രതിജ്ഞയെടുത്ത 2,50,000 വിദ്യാർത്ഥികൾക്ക് പ്രത്യേക അഭിനന്ദനം. രാജ്യത്തിന് ഇത് അഭിമാനകരമായ ദിവസമാണ്. ഉത്തരവാദിത്വത്തോടെ എഐ സ്വീകരിക്കപ്പെടുന്ന ഒരു ഭാവിയിലേക്ക്, രാഷ്ട്രം ഈ ദിശയിലാണ് നീങ്ങേണ്ടതെന്നും മന്ത്രി പറഞ്ഞു.

പൗരകേന്ദ്രീകൃത ഡിജിറ്റൽ ഉത്തരവാദിത്വത്തിലെ ഒരു സുപ്രധാന നാഴികക്കല്ലാണ് ഈ ക്യാമ്പയിൻ. സമഗ്രത, ധാർമ്മികത, പൊതുജന വിശ്വാസം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ആഗോള AI വ്യവഹാരം രൂപപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധതയെ ഇത് പ്രകടമാക്കുന്നതായും അദ്ദേഹം പറഞ്ഞു.

# എൽഎൻജി ഡ്യുവൽഫ്യൂവൽ കപ്പൽ നിർമ്മാണം; ചരിത്രപരമായ കരാർ സ്വന്തമാക്കി കൊച്ചിൻ ഷിപ്പ്യാർഡ്

**ന്യൂഡൽഹി:** യൂറോപ്യൻ ഷിപ്പിംഗ് രംഗത്തെ പ്രമുഖരായ സിഎംഎ-സിജിഎമ്മിൽ നിന്ന് എൽഎൻജി ഡ്യുവൽഫ്യൂവൽ കപ്പൽ നിർമ്മാണത്തിനുള്ള ചരിത്രപരമായ കരാർ സ്വന്തമാക്കി കൊച്ചി കപ്പൽ നിർമ്മാണ ശാല

ഫ്രഞ്ച് ഷിപ്പിംഗ് ഭീമനായ സിഎംഎ-സിജിഎമ്മു മായി കൊച്ചി കപ്പൽ നിർമ്മാണ ശാല എൽഎൻജി ഡ്യുവൽഫ്യൂവൽ കപ്പൽ നിർമ്മാണത്തിനുള്ള കരാറിൽ ഒപ്പുവച്ചു. ആഗോള കപ്പൽനിർമാണ രംഗത്തെ ഇന്ത്യയുടെ സാന്നിധ്യം ശക്തിപ്പെടുത്തുന്നതിനൊപ്പം ഹരിത സമുദ്രപരിവർത്തന ലക്ഷ്യങ്ങൾക്ക് ഊർജ്ജം പകരുന്നതാണ് ഈ നീക്കം.

കൊച്ചിൻ ഷിപ്പ്യാർഡ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി.ജെ ജോസും സിഎംഎ-സിജിഎമ്മി നെ പ്രതിനിധീകരിച്ച് ചെയർമാനും സിഇഒയുമായ റോഡോൾഫ് സാഡെയും കരാറിൽ ഒപ്പുവച്ചു. കേന്ദ്ര തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത സഹമന്ത്രി ശന്തനു താക്കൂർ, തുറമുഖ, ഷിപ്പിംഗ്, ജലഗതാഗത മന്ത്രാലയം സെക്രട്ടറി വിജയ് കുമാർ എന്നിവരും മന്ത്രാലയത്തിലെയും മുതിർന്ന ഉദ്യോഗസ്ഥരും സമുദ്ര വ്യവസായ മേഖലയിലെ വിശിഷ്ട വ്യക്തികളും ചടങ്ങിൽ പങ്കെടുത്തു. സാങ്കേതിക പുരോഗതി കൈവരിച്ചതിന്റെയും പാരിസ്ഥിതിക ഉത്തരവാദിത്തപൂർണ്ണവുമായ കപ്പൽ നിർമ്മാണത്തിൽ ആഗോളതലത്തിൽ സാന്നിധ്യം വികസിപ്പിക്കുന്നതിനുള്ള കൊച്ചിൻ ഷിപ്പ്യാർഡിൻ പ്രയാണത്തിലെ സുപ്രധാന നാഴികക്കല്ലാണ് ഈ കരാർ. യൂറോപ്യൻ കണ്ടെയ്നർ ഓപ്പറേറ്ററിനായി കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന എൽഎൻജി ഡ്യുവൽഫ്യൂവൽ ഫീഡർ കണ്ടെയ്നർ കപ്പലുകളുടെ പരമ്പരയിലെ ആദ്യത്തേതായിരിക്കും ഇത്. ദ്രവീകൃത പ്രകൃതിവാതകത്തിൽ (എൽഎൻജി ) പ്രവർത്തിക്കാൻ ശേഷിയുള്ള ഇരട്ടഫ്യുവൽ എഞ്ചിനുകൾ ഉപയോഗിച്ച് രൂപകൽപ്പന ചെയ്തിരിക്കുന്ന ഈ കപ്പലുകൾ പരമ്പരാഗത ഇന്ധനങ്ങളെ അപേക്ഷിച്ച് ബഹിർഗമനം ഗണ്യമായി കുറയ്ക്കുകയും നൂതന ഊർജ്ജകാര്യക്ഷമത സംവിധാനങ്ങളും പരമാവധി ശേഷി പ്രദാനം ചെയ്യുന്ന ഹൾ ഡിസൈനും ഉൾക്കൊള്ളുന്നതാണ്. ആഗോളതലത്തിലെ ഷിപ്പിംഗ് മേഖല ബഹിർഗമനം കുറയ്ക്കാനും പരിസ്ഥിതി നിയന്ത്രണങ്ങൾ പാലിക്കാൻ ഓപ്പറേറ്റർമാരെ സഹായിക്കാനും കഴിയുന്ന ഇരട്ടഫ്യുവൽ കപ്പലുകളെ കൂടുതലായി ആശ്രയിക്കുന്ന സാഹചര്യത്തിൽ എൽഎൻജി പ്രധാന പരിവർത്തന സമുദ്ര ഇന്ധനമായി ഉയർന്നു വരികയാണ്. ആഗോള കണ്ടെയ്നർ കപ്പൽ നിർമ്മാണ വിപണിയിൽ കൊച്ചിൻ ഷിപ്പ്യാർഡിന്റെ മുന്നേറ്റത്തിന് ഈ കരാർ വലിയ പ്രോത്സാഹനമാകുമെന്നാണ് വിലയിരുത്തപ്പെടുന്നത്. പ്രമുഖ അന്താരാഷ്ട്ര ഷിപ്പിംഗ് ലൈനുകളുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന്റെ വിശ്വാസ്യത ശക്തിപ്പെടുത്തുന്നതിനൊപ്പം എൽഎൻജി ഡ്യുവൽഫ്യുവൽ പ്രൊപ്പൽഷൻ സിസ്റ്റങ്ങളിലെ കൊച്ചിൻ ഷിപ്പ്യാർഡിന്റെ സാങ്കേതിക ശേഷിയും ഇത് ശക്തിപ്പെടുത്തും. കൂടാതെ, കയറ്റുമതിയും വിദേശനാണ്യ വരുമാനവും ശക്തിപ്പെടുത്തുകയും ഇന്ത്യയുടെ സാമ്പത്തിക, കപ്പൽ നിർമ്മാണ ലക്ഷ്യങ്ങളിൽ നിർണ്ണായക സാന്നിധ്യമായും മാറും.



# ഇന്നത്തെ പരിപാടി

## കൊച്ചി

■ **കൊച്ചി ഡിജിറ്റൽ ഹബ്ബ്:** കേര പദ്ധതിയുടെയും കേരള സ്റ്റാർട്ടപ്പ് മിഷന്റെയും ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന കേര അഗ്രി നെക്സ്റ്റ് സമ്മിറ്റ് 2026 രാവിലെ 10ന്.

■ **വെണ്ണല തൈക്കാട്ട് ശ്രീമഹാദേവ ക്ഷേത്രം :** ശിവരാത്രി തിരുവുത്സവം നൃത്തനൃത്യങ്ങൾ, തിരുവാതിരകളി, കരോക്കെ ഗാനാമൃതം രാത്രി 7.30ന്.

■ **കലൂർ സെന്റ് ആന്റണീസ് തീർഥാടന കേന്ദ്രം :** തിരുനാൾ വൈകിട്ട് 5ന്.

■ **പൊന്നുരുന്നി മൈലാം പറമ്പിൽ ഭദ്രകാളി ക്ഷേത്രം :** പ്രതിഷ്ഠ രാവിലെ 6ന്.

## ആലുവ

■ **ആലുവ സിഎസ്ഐ സെന്റ് ജോൺ ദ്ബാപ്റ്റിസ്റ്റ് പള്ളി :** സിഎസ്ഐ കൊച്ചിൻ മഹായിടവക കൺവൻഷൻ വൈകിട്ട് 6ന്.

## തൃപ്പൂണിത്തുറ

■ **ശ്രീധർമ കൽപദ്രുമ യോഗം പോട്ടയിൽ ക്ഷേത്രം :** ഉത്സവം പറയ്ക്കെഴുന്നള്ളിപ്പ്, സംഗീതാർച്ചന, തിരുവാതിരകളി, കോൽക്കളി, നാടകം 'ഭൂപടം മായുമ്പോൾ' രാവിലെ 8 മുതൽ.

## പള്ളുരുത്തി

■ **ഇടക്കൊച്ചി സെന്റ് ലോറൻസ് പള്ളി :** ലോറൻസ് പുളിയനത്ത് അനുസ്മരണം രാവിലെ 10ന്.

## തൃക്കാക്കര

■ **ഭാരതമാതാ കോളേജ് :** ദേശീയ മാധ്യമ സെമിനാർ സമാപനം രാവിലെ 10ന്.

## പെരുമ്പാവൂർ

■ **ആൽപ്പാറ ക്ഷേത്രം :** ഉത്സവം ചാക്യാർകൂത്ത്, ഗാനോത്സവം രാത്രി 7ന്.

## കോതമംഗലം

■ **നെല്ലിമറ്റം കോട്ടപ്പാടം ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം രാവിലെ 6ന്.

■ **നെല്ലിമറ്റം കോട്ടപ്പാടം ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം

■ **കോതമംഗലം എം.എ.കോളേജ് :** കോമേഴ്സ് വിഭാഗം സംഘടിപ്പിക്കുന്ന സമ്മേളനം ഖാദി ബോർഡിന്റെയും ചെറുകിട സംരംഭകരുടെയും ഉത്പന്നങ്ങളുടെ പ്രദർശനവും വിപണനവും രാവിലെ 10ന്.

## മൂവാറ്റാപുഴ

■ **മാറാടി ഭഗവതി ക്ഷേത്രം :** അശ്വതി ഉത്സവം കൈകൊട്ടിക്കളി, നൃത്തസന്ധ്യ, തിരുവാതിര രാത്രി 7ന്.

# വോട്ടർമാർക്ക് ബോധവത്കരണവുമായി 'വോട്ട് പാട്ടരങ്ങ്' 21ന്

**കൊച്ചി:** തിരഞ്ഞെടുപ്പ് കമ്മീഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന സ്വീപ് പദ്ധതിയുടെ ഭാഗമായി എറണാകുളത്ത് വോട്ടർ ബോധവത്കരണ പരിപാടി സംഘടിപ്പിക്കുന്നു.'വോട്ട് പാട്ടരങ്ങ്' എന്ന പേരിൽ നടക്കുന്ന സാംസ്കാരികബോധവത്കരണ പരിപാടി ഫെബ്രുവരി 21 ശനിയാഴ്ച വൈകിട്ട് 6 ന് ദർബാർഹാൾ ഗ്രൗണ്ടിൽ നടക്കും.വോട്ടവകാശത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിവിധ കലാപരിപാടികൾ അരങ്ങേറും. യുവാക്കളുടെയും പുതിയ വോട്ടർമാരുടെയും സജീവ പങ്കാളിത്തം ഉറപ്പാക്കാൻ ജില്ലാ തിരഞ്ഞെടുപ്പ് കമ്മീഷന്റെ മേൽനോട്ടത്തിൽ നടത്തുന്ന പരിപാടിയിൽ ജില്ലാ കളക്ടർ ജി പ്രിയങ്ക, അസിസ്റ്റന്റ് കളക്ടർ പാർവതി ഗോപകുമാർ എന്നിവർ പങ്കെടുക്കും.

# ടെൻഡർ ക്ഷണിച്ചു

**കൊച്ചി:**വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള പള്ളുരുത്തി ഐ.സി.ഡി.എസ് പ്രോജക്റ്റിന് കീഴിലെ 93 അങ്കണവാടികളിലേക്ക് പ്രീസ്കൂൾ എഡ്യൂക്കേഷൻ കിറ്റുകൾ വിതരണം ചെയ്യുന്നതിന് ടെൻഡർ ക്ഷണിച്ചു.മാർച്ച് രണ്ട് വരെ ടെൻഡറുകൾ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് പള്ളുരുത്തി ഐ.സി.ഡി.എസ് ഓഫീസുമായി ബന്ധപ്പെടാവുന്നതാണ്.

ഷൂട്ട് @ സൈറ്റ്




**'വലയിൽ കുരുങ്ങിയ ജീവിതം '.....** *കൊച്ചി ബീച്ചിൽ മത്സ്യബന്ധനത്തിനിടെ വലയിൽ കുടുങ്ങിയ വലിയ മത്സ്യത്തിനെ മൽസ്യതൊഴിലാളി പുറത്തെടുക്കുന്നു.* ***ഫോട്ടോ- എ.എസ് സതീഷ്***

# എംഎസ്എംഇ മേഖലയ്ക്ക് 81 കോടി രൂപയുടെ നേട്ടം; 146 ധാരണാപത്രങ്ങളിൽ ഒപ്പുവെച്ചു

**കൊച്ചി:** വ്യവസായ വകുപ്പ് സംഘടിപ്പിച്ച അന്താരാഷ്ട്ര ബയർസെല്ലർ മീറ്റ് 'ട്രേഡക്സ് കേരള 2026' ൽ എംഎസ്എംഇ സംരംഭകരും അന്താരാഷ്ട്ര കമ്പനികളും തമ്മിൽ 146 ധാരണാപത്രങ്ങൾ ഒപ്പുവച്ചു. ഇതുവഴി സംരംഭകർക്ക് 81 കോടിയിലധികം രൂപയുടെ വ്യാപാരക്കരാറുകൾ ലഭിച്ചു. കരാറുകളുടെ ഭാഗമായി 12 വ്യാപാര ഓർഡറുകളും ലഭിച്ചു. ഓർഡറുകളുമായി ബന്ധപ്പെട്ട വ്യാപാര ഇടപാടുകൾ ഉടൻ ആരംഭിക്കും.

അന്താരാഷ്ട്ര വ്യാപാരമേഖലയിൽ എംഎസ്എംഇകളുടെ മുന്നേറ്റത്തിന് 'ട്രേഡക്സ് കേരള 2026' വഴിയൊരുക്കുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് അഭിപ്രായപ്പെട്ടു. മികച്ച പ്രതികരണം ലഭിച്ചതിനെ തുടർന്നു 'ട്രേഡക്സ് കേരള 2026' കേരളത്തിലെ സംരംഭകരെ അന്താരാഷ്ട്ര കമ്പനികളുമായി ബന്ധിപ്പിക്കുന്ന സ്ഥിരം വേദിയായി മാറ്റുമെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ പി. വിഷ്ണു രാജ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട കൂടുതൽ പരിപാടികൾ ഉടൻ പ്രഖ്യാപിക്കുമെന്നും അദ്ദേഹം അറിയിച്ചു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിൽ വിപുലമായി അന്താരാഷ്ട്ര റിവേഴ്സ് ബയർസെല്ലർ മീറ്റ് സംഘടിപ്പിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. വിദേശ വിപണികളിലേക്ക് പോകാൻ കാത്തിരിക്കുന്നതിനുപകരം, അന്താരാഷ്ട്ര കമ്പനികളെ നേരിട്ട് കേരളത്തിലെ സംരംഭകർക്ക് മുന്നിലെത്തിക്കുന്ന വേദിയാണ് ട്രേഡക്സ് കേരള 2026.

ഈ ഉദ്യമം കൂടുതൽ ശക്തിപ്പെടുത്താൻ കേരളത്തിന്റെ വളർന്നുവരുന്ന വ്യാവസായിക ആവാസവ്യവസ്ഥയായ 'കേരള ബ്രാൻഡ്' സഹായിക്കും. 'കേരള ബ്രാൻഡ്' മുഖേന സംസ്ഥാനത്ത് നിന്നുള്ള ഉൽപ്പന്നങ്ങൾ ഗുണനിലവാരത്തിലും വിശ്വാസ്യതയിലും അടിസ്ഥാനമാക്കിയതാണെന്ന് ഉറപ്പുനൽകുന്നു. സംസ്ഥാനത്തെ സൂക്ഷ്മ, ചെറുകിട സംരംഭക മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണിപ്രവേശം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെയാണ് വ്യവസായ വകുപ്പ് പരിപാടി സംഘടിപ്പിച്ചത്. ഇരുപതിലധികം രാജ്യങ്ങളിൽ നിന്നുള്ള 31 അന്താരാഷ്ട്ര ബയേഴ്സും സംസ്ഥാനത്തെ ഒമ്പത് പ്രധാന മേഖലകളിൽ നിന്നുള്ള 400ലധികം എംഎസ്എംഇകളും മീറ്റിൽ പങ്കെടുത്തു.

അഡീഷണൽ ഡയറക്ടർ ജി.രാജീവ്, കെബിപ്പ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സൂരജ് എസ്.; എഫ്ഐഇഒ ജോയിന്റ് ഡയറക്ടർ ജനറൽ ഉണ്ണികൃഷ്ണൻ കെ.; കൊച്ചി കസ്റ്റംസ് ഹൗസ് ഡെപ്യൂട്ടി കമ്മീഷണർ ജിമ്മി ജോസഫ്; റാംപ് പ്രോഗ്രാം എസ്പിഐയു സംസ്ഥാന മേധാവി ആനന്ദ് ശർമ്മ; വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ജോയിന്റ് ഡയറക്ടർ പ്രേംരാജ് പി. ഡെപ്യൂട്ടി ഡയറക്ടർ എം. ഷബീർ എന്നിവരും പരിപാടിയുടെ സമാപന ചടങ്ങിൽ പങ്കെടുത്തു.

# പിണറായി വിജയൻ മദ്യ കമ്പനികളുടെ ബ്രാൻഡ് അംബാസിഡറായി : സാബു ജേക്കബ്

**കിഴക്കമ്പലം:**മദ്യ കമ്പനികളുടെ ബ്രാൻഡ് അംബാസിഡർ പദവി സംസ്ഥാന മുഖ്യമന്ത്രി പിണറായി വിജയൻ ഏറ്റെടുത്തുവെന്ന് എൻ.ഡി.എ നേതാവും ട്വന്റി20 പാർട്ടി പ്രസിഡന്റുമായ സാബു ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

കേരളത്തെ മദ്യ വർജ്ജിത സംസ്ഥാനമാക്കി മാറ്റുമെന്ന വാഗ്ദ്ധാനം നൽകി അധികാരമേറ്റ പിണറായി വിജയൻ കഴിഞ്ഞ 10 വർഷം കൊണ്ട് കേരളത്തെ മദ്യത്തിൽ മുക്കി കൊല്ലുകയാണ്. വരാൻ പോകുന്ന നിയമ സഭാ ഇലക്ഷനുവേണ്ടിയുള്ള ഫണ്ട് ശേഖരണം മദ്യമുതലാളിമാരിൽ നിന്നും നടത്തിയതിനുള്ള പ്രത്യുപകാരമാണ് ബാറുകളുടെ പ്രവർത്തന സമയം നീട്ടി നൽകിയത്. സർക്കാർ വിപണിയിൽ ഇറക്കുന്ന പുതിയ മദ്യത്തിന് പേരീടീൽ മത്സരം സംഘടിപ്പിച്ചും മദ്യത്തിന്റെ പ്രചരണം നടത്തുന്നു. ബാറുകളു



ടെ പ്രവർത്തന സമയം പ്രതിപക്ഷത്തിന്റെ കൂടി അറിവോടെയാണ് നടപ്പാക്കുന്നതെന്ന് എക്സൈസ് മന്ത്രി പറയുന്നു. സംസ്ഥാനത്തെ യുവ തലമുറയെ അപ്പാടെ ലഹരിക്ക് അടിമപ്പെടുത്തി കേരളത്തെ നശിപ്പിക്കുകയാണ് ഇവരുടെ ലക്ഷ്യം.

പുതിയ ബ്രൂവറിയ്ക്കും അനുമതി നൽകിയിരുന്നു. കേരളത്തിലെവിടെയും ആർക്കും മദ്യശാലകൾ ആരംഭിക്കാൻ സാധിക്കുന്ന തരത്തിൽ പഞ്ചായത്ത് ആക്ടിലും പിണറായി സർക്കാർ ഭേദഗതി വരുത്തി.

ഇതിലൂടെ പ്രദേശ വാസികൾക്ക് എതിർപ്പുണ്ടെങ്കിൽ മദ്യശാലകൾ തുടങ്ങുന്നതിനെ നിയന്ത്രിക്കാൻ പഞ്ചായത്ത് ഭരണ സമിതികൾക്ക് സാധിക്കാതായി. മദ്യ രാജാക്കന്മാരുമായുള്ള ഇടത് സർക്കാരിന്റെ അവിശുദ്ധ ബന്ധമാണിതിലൂടെ വ്യക്തമാകുന്നതെന്നും സാബു ജേക്കബ് പറഞ്ഞു.

# അഖിൽ മാരാർ ട്വന്റി20 സ്ഥാനാർത്ഥി

**കിഴക്കമ്പലം** :സിനിമ സംവിധായകനും, ടെലിവിഷൻ റിയാലിറ്റി ഷോ താരവുമായ അഖിൽ മാരാർ വരുന്ന നിയമ സഭാ തിരഞ്ഞെടുപ്പിൽ ട്വന്റി20 പാർട്ടി സ്ഥാനാർത്ഥിയാകുമെന്ന് പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ട്വന്റി20 പാർട്ടി എൻ.ഡി.എയുടെ ഘടക കക്ഷിയായതിലൂടെ ധാരാളം പേർ ട്വന്റി20യിലേയ്ക്ക് വരാൻ തയ്യാറായി മുന്നോട്ട് വരുന്നുണ്ടെന്ന് സാബു ജേക്കബ് പറഞ്ഞു.

കേന്ദ്രം ഭരിക്കുന്ന എൻ.ഡി.എ സർക്കാർ രാജ്യത്തെ ബഹുദൂരം മുന്നോട്ട് നയിക്കുമ്പോൾ കാലഹരണപ്പെട്ട പ്രത്യേയ ശാസ്ത്രം പറഞ്ഞ് വികസന വിരുദ്ധ നയവുമായി ഇടതിനൊപ്പം വലതും കൂട്ടുചേർന്ന് കേരളത്തെ പിന്നോട്ടടിക്കുന്നു. വയനാട് പ്രകൃതി ദുരന്തത്തിന് ഇരയായവരെ ഇതുവരെയും പുനരധിവസിപ്പിക്കാൻ സർക്കാരിനായില്ലെന്ന് അഖിൽ മാരാർ പറഞ്ഞു. താൻ ഏത് മണ്ഡലത്തിൽ മത്സരിക്കുമെന്നത് എൻ.ഡി.എ തീരുമാനിക്കുമെന്ന് കിഴക്കമ്പലത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ അഖിൽ മാരാർ വ്യക്തമാക്കി. വാർത്താ സമ്മേളനത്തിൽ പാർട്ടി വൈസ് പ്രസിഡന്റ് വി. ഗോപകുമാറും പങ്കെടുത്തു.



*കിഴക്കമ്പത്ത് നടത്തിയ വാർത്താ സമ്മേളനത്തിൽ അഖിൽ മാരാരുടെ സ്ഥാനാർത്ഥിത്വം ട്വന്റി20 പാർട്ടി പ്രസിഡന്റ് സാബും എം. ജേക്കബ് പ്രഖ്യപിക്കുന്നു. പാർട്ടി സംസ്ഥാന വൈസ് പ്രസിഡന്റ് വി.ഗോപകുമാർ സമീപം.*

# ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി: എസ്.ആർ.വി സ്കൂളിൽ ഫുട്ബോൾ ടർഫ് നിർമ്മാണത്തിന് തുടക്കം

**കൊച്ചി:** സംസ്ഥാന സർക്കാരിന്റെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി എസ്.ആർ.വി സർക്കാർ സ്കൂളിൽ നിർമ്മിക്കുന്ന അത്യാധുനിക ഫുട്ബോൾ ടർഫിന്റെ നിർമ്മാണോദ്ഘാടനം ടി.ജെ. വിനോദ് എം.എൽ.എ നിർവ്വഹിച്ചു. എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ചെലവഴിച്ചാണ് ടർഫ് നിർമ്മിക്കുന്നത്.

പദ്ധതിയുടെ നിർമ്മാണ ചുമതല സ്പോർട്സ് കേരള ഫൗഷേനാണ്. ദീർഘകാലമായി കായിക മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് നേരിട്ടിരുന്ന എസ്.ആർ.വി സ്കൂളിന് പദ്ധതി വലിയൊരു മുതൽക്കൂട്ടാകും. സർക്കാർ സ്കൂളുകളിലെ കുട്ടികൾക്കും മികച്ച ഗുണനിലവാരമുള്ള കായിക സൗകര്യങ്ങൾ ലഭ്യമാക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് ടി.ജെ. വിനോദ് എം.എൽ.എ പറഞ്ഞു. സൗകര്യങ്ങളുടെ അഭാവം മൂലം ഇതുവരെ മതിയായ പരിശീലന സൗകര്യങ്ങൾ ലഭിക്കാതിരുന്ന എസ്.ആർ.വി സ്കൂളിലെ വിദ്യാർത്ഥികൾക്ക് പദ്ധതി വലിയ ആത്മവിശ്വാസം നൽകുന്നതോടൊപ്പം സംസ്ഥാനദേശീയ തലങ്ങളിൽ മത്സരിക്കാവുന്ന കായിക താരങ്ങളെ വളർത്താനുള്ള വേദിയുമാകും.

ചടങ്ങിൽ ഡിവിഷൻ കൗൺസിലർ കെ.വി.പി. കൃഷ്ണൻകുമാർ അധ്യക്ഷനായി. പ്രിൻസിപ്പൽമാരായ എ.എൻ ബിജു, ജിൻസി ജോസഫ്, ഹെഡ്മിസ്ട്രസുമാരായ പി പി സജിനി, ടി കെ സീമ, പി.ടി.എ പ്രസിഡന്റ് ജോർജ് ആന്റണി, സ്കൂൾ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, പ്രദേശവാസികൾ എന്നിവർ പങ്കെടുത്തു.

# തേവര അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്റർ ഉദ്ഘാടനം ചെയ്തു

**കൊച്ചി:** കേരളത്തിലെ അക്വാകൾച്ചർ മേഖലയിൽ ശാസ്ത്രീയ ഇടപെടലുകളുടെ പുതിയൊരു അധ്യായത്തിനാണ് തേവര അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററിലൂടെ തുടക്കമിടുന്നതെന്ന് ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ. അക്വാകൾച്ചർ മേഖലയിൽ ജലഗുണനിലവാരവും മത്സ്യരോഗങ്ങളും മുൻകൂട്ടി തിരിച്ചറിയാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി സജ്ജമാക്കിയ തേവര അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററിന്റെ ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. ചെമ്മീൻ കൃഷിയിലും, കൊച്ചിയിലെ കായൽ പ്രദേശങ്ങളിൽ ഉണ്ടാകുന്ന മത്സ്യ രോഗങ്ങളും വിഷാംശങ്ങളും കണ്ടെത്തുന്നതിനുള്ള അടിസ്ഥാനസൗകര്യങ്ങൾ സെന്ററിൽ ഒരുക്കിയിട്ടുണ്ട്. വാണിജ്യ ചെമ്മീൻകൃഷിയെ തകർക്കുന്ന വൈറ്റ് സ്പോട്ട് സിൻഡ്രോം പോലുള്ള വൈറസ് രോഗങ്ങൾ കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടമാണ് ഉണ്ടാക്കുന്നത്. ഇത്തരം സാഹചര്യങ്ങളെ ഫലപ്രദമായി നേരിടാൻ ബയോകെമിസ്ട്രി, മൈക്രോബയോളജി, പി.സി.ആർ ലാബുകളിലായി സജ്ജീകരിച്ചിരിക്കുന്ന എൽ.സി.എം.എസ്, എച്ച്.പി.എൽ.സി, ജി.സി.എം.എസ്, തെർമോസൈക്ലർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സഹായകമാകും.



ജലത്തിലെ വിഷാംശങ്ങൾ പരിശോധിക്കാനുള്ള വിപുലമായ സൗകര്യങ്ങളും വ്യവസായ മാലിന്യങ്ങൾ, രാസവസ്തുക്കളുടെ ചോർച്ച, ഓക്സിജന്റെ കുറവ് എന്നിവ വെള്ളം, മണ്ണ്, മത്സ്യ സാമ്പിളുകൾ എന്നിവ പരിശോധിച്ച് വേഗത്തിൽ കണ്ടെത്താനുള്ള സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. അമോണിയ, നൈട്രൈറ്റ്, നൈട്രേറ്റ് എന്നിവയ്ക്ക് പുറമെ കീടനാശിനികളുടെയും ആന്റിബയോട്ടിക്കുകളുടെയും സാന്നിധ്യവും കൃത്യമായി പരിശോധിക്കും. മത്സ്യകർഷകർക്ക് അവരുടെ കൃഷിയിടങ്ങളിലെ രോഗസാധ്യത നേരത്തെ തിരിച്ചറിയാൻ ലബോറട്ടറി വലിയ തുണയാകും. അന്താരാഷ്ട്ര നിലവാരമുള്ള മത്സ്യചെമ്മീൻ ഉൽപ്പാദനം ഉറപ്പാക്കുന്നതിലൂടെ കയറ്റുമതി വർദ്ധിപ്പിക്കാനും കർഷകരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കാനും സാധിക്കും. രോഗരഹിത വിത്ത് വിതരണം, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ജലഗുണനിലവാര നിരീക്ഷണം എന്നിവയിലൂടെ മേഖലയുടെ സ്ഥിരതയും ലാഭവും വർദ്ധിപ്പിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. ഫിഷറീസ് വകുപ്പ്, ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ, കേരള മുഖേന ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ലാബ് സ്ഥാപിച്ചിരിക്കുന്നത്.

ചടങ്ങിനോടനുബന്ധിച്ച് അഡാക്കിന്റെ റിസർവോയർ ഫിഷറീസ് യൂണിറ്റുകൾ, ഫാമുകൾ, ഹാച്ചറികൾ എന്നിവയുടെ പ്രവർത്തനങ്ങൾക്കായി മത്സ്യക്കുഞ്ഞുങ്ങളെയും മത്സ്യതീറ്റയും കൊണ്ടുപോകുന്നതിനായുള്ള മൂന്ന് പിക്ക്അപ്പ് വാഹനങ്ങളുടെ ഫൽഗ് ഓഫും മന്ത്രി നിർവ്വഹിച്ചു. ടി ജെ വിനോദ് എംഎൽഎ, കൊച്ചി മേയർ വി.കെ. മിനിമോൾ, സി.ഐ.എഫ്.ടി ഡയറക്ടർ ഡോ. ജോർജ് നൈനാൻ, അഡാക് മാനേജിംഗ് ഡയറക്ടർ ബി ഇഗ്നേഷ്യസ് മൺഡ്രോ, കൊച്ചി കോർപ്പറേഷൻ കൗൺസിലർ കെ എസ് ഫ്രാൻസിസ്, വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയർ പങ്കെടുത്തു.

# ആസാദിക്ക് ദേശീയ അംഗീകാരം

**കൊച്ചി:** എത്തോസ് എംപറിന്റെയും സെയിന്റ് ഗോബൈയിന്റെയും നേതൃത്വത്തിൽ ആർക്കിടെകറ്റ് വിദ്യാർഥികൾക്കായി ചെന്നൈയിൽ സംഘടിപ്പിച്ച 'ട്രാൻസ്പെരൻസ് 20.0ഡിസൈൻ വൊക്കാബുലറി ഫോർ ഇന്ത്യൻ അറ്റ് 2047 ' ദേശീയ ആർക്കിടെക്റ്റ് ഡിസൈൻ മൽസരത്തിൽ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻ (ആസാദി) വിദ്യാർഥികൾക്ക് രണ്ടാം സ്ഥാനം.

ആർക്കിടെക്റ്റ് 10 സെമസ്റ്റർ വിദ്യാർഥികളായ ഗൗരി ബാബു, നിരഞ്ജന ഷാ, ഷെറിൻ രാജേഷ് എന്നിവരാണ് ട്രോഫിയും ഒരു ലക്ഷം രൂപയും അടങ്ങിയ പുരസ്ക്കാരം നേടിയത്. എറണാകുളം മറൈൻഡ്രൈവ്, മംഗളവനം, മാർക്കറ്റ്, കൊച്ചി മെട്രോ, വാട്ടർ മെട്രോ എന്നിവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള ഡിസൈൻ ആണ് ഇവർ തയ്യാറാക്കിയത്. 650 വിദ്യാർഥികളാണ് ദേശീയ തലത്തിൽ മൽസരത്തിൽ പങ്കെടുത്തത്. സമ്മാനം നേടിയ വിദ്യാർഥികളെ ആസാദി കോളജിന്റെ നേതൃത്വത്തിൽ ആദരിച്ചു. വൈറ്റില സിൽവർ സാന്റ് എലന്റിലെ കോളജ് ക്യാമ്പസിൽ നടന്ന സമ്മേളനം ഉമാ തോമസ് എം.എൽ.എ ഉദ്ഘാടനം ചെയ്തു. കോളജിന്റെ ഉപഹാരവും ചടങ്ങിൽ എം.എൽ.എ വിദ്യാർഥികൾക്ക് സമ്മാനിച്ചു. അധ്യാപകരമായ ആർക്കിടെക്റ്റ് ശോഭിത ജേക്കബ്, ആർക്കിടെക്റ്റ് എസ്. അതുൽ കൃഷ്ണൻ , ആർക്കിടെക്റ്റ് ആശിഷ് കണ്ണൻ ബാദുഷ എന്നിവരെയും ചടങ്ങിൽ ആദരിച്ചു. ആസാദി കോളജ് ചെയർമാൻ ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ ബാൽശങ്കർ ഗർഗഡെ സംസാരിച്ചു. തുടർന്ന് സമ്മാന ജേതാക്കളായ വിദ്യാർഥികളുമായി സംവാദവും ഉണ്ടായിരുന്നു.



*ആർക്കിടെകറ്റ് വിദ്യാർഥികൾക്കായി ചെന്നൈയിൽ സംഘടിപ്പിച്ച 'ട്രാൻസ്പെരൻസ് 20.0 ഡിസൈൻ വൊക്കാബുലറി ഫോർ ഇന്ത്യൻ അറ്റ് 2047 ' ദേശീയ ആർക്കിടെക്റ്റ് ഡിസൈൻ മൽസരത്തിൽ രാം സ്ഥാനം നേടിയ ഏഷ്യൻ സ്കൂൾ ഓഫ് ആർക്കിടെക്റ്റർ ആന്റ് ഡിസൈൻ ഇന്നൊവേഷൻ (ആസാദി) കോളജിലെ വിദ്യാർഥികളായ ഗൗരി ബാബു, ഷെറിൻ രാജേഷ്, നിരഞ്ജന ഷാ എന്നിവരെ ഉമാ തോമസ് എം.എൽ.എ ഉപഹാരം നൽകി ആദരിച്ചപ്പോൾ. ബാൽശങ്കർ ഗർഗഡെ, ആർക്കിടെക്റ്റ് പ്രൊഫ. ബി. ആർ അജിത്, ആർക്കിടെക്റ്റ് ശോഭിത ജേക്കബ്, ആർക്കിടെക്റ്റ് എസ്. അതുൽ കൃഷ്ണൻ , ആർക്കിടെക്റ്റ് ആശിഷ് കണ്ണൻ ബാദുഷ എന്നിവർ സമീപം.*

# വിതരണ ശൃംഖല വിപുലീകരിക്കാൻ ആൾകാർഗോ

**കൊച്ചി:** അതിവേഗം വളരുന്ന ഇ-കൊമേഴ്സ്, ക്വിക്ക്കൊമേഴ്സ് മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി ആൾ കാർഗോ ലോജിസ്റ്റിക്സ് നെറ്റ്വർക്ക് വിപുലീകരണം പ്രഖ്യാപിച്ചു. പ്രതിമാസം 10 ദശലക്ഷത്തിലധികം വരുന്ന പാക്കേജ് പ്രോസസ്സിംഗിൽ 25–30 ശതമാനം വർദ്ധന കൈവരിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം.



69 മെട്രോകളിലും ടു ടയർ, ത്രീ ടയർ വിപണികളിലും വ്യാപിച്ചുകിടക്കുന്ന മൾട്ടി സിറ്റി ശൃംഖലയുടെ തരംതിരിക്കലും പുനരേകീകരണവും ക്രോസ്ഡോക്കിംഗും അടക്കമുള്ള മാറ്റങ്ങളാണ് നടപ്പാക്കുക. ഇതിന്റെ ഭാഗമായി ട്രാൻസ്ഷിപ്പ്മെന്റ് സെന്ററുകളുടെ എണ്ണം മൂന്നിരട്ടിയാക്കും. രാജ്യത്തെ മുഴുവൻ പിൻകോഡുകളെയും ഉൾക്കൊള്ളുന്ന പുതിയ ആൾകാർഗോ എക്സ്റ്റെൻഡഡ് റീച്ച് നെറ്റ്വർക്ക് ആയിരിക്കും മറ്റൊരു സവിശേഷത. റൂട്ട് ഒപ്റ്റിമൈസേഷൻ, വാഹന കാര്യക്ഷമത എന്നിവ വർദ്ധിപ്പിച്ച് അതിവേഗ ഡെലിവറി സാധ്യമാക്കുന്നതിനായി വെയർഹൗസ് മാനേജ്മെന്റ് സിസ്റ്റംസ് സാങ്കേതികവിദ്യ നടപ്പാക്കും.

ഇകൊമേഴ്സ് കൂടുതൽ മേഖലകളിലേക്ക് കടക്കുന്നതിന് ലോജിസ്റ്റിക്സ് അതിന്റെ നട്ടെല്ലായി പ്രവർത്തിക്കേണ്ടതുണ്ടെന്ന് ആൾകാർഗോ എംഡിയും സിഇഒയുമായ കേതൻ കുൽക്കർണി പറഞ്ഞു. വിതരണ ശൃംഖലകളിലൂടെ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള ചരക്കു നീക്കവും ഉന്നത സുരക്ഷിതത്വ മാനദണ്ഡങ്ങൾ പുലർത്തുന്ന തടസമില്ലാത്ത സേവനവുമാണ് ഓൾ കാർഗോ ഉറപ്പു നൽകുന്നതെന്ന് അദ്ദേഹം പറഞ്ഞു.

# ബന്ധൻ മ്യൂച്വൽ ഫണ്ട് തിരുവനന്തപുരത്ത് ബ്രാഞ്ച് തുറന്നു

**കൊച്ചി:** ബന്ധൻ എഎംസി ലിമിറ്റഡ് (ബന്ധൻ എഎംസി) തിരുവനന്തപുരത്ത് ബ്രാഞ്ച് ഓഫീസ് തുറന്നു. നന്തൻകോട്, എസ്ബിഐ പിബി ബ്രാഞ്ചിന് സമീപമുള്ള ഷാരോൺ ടവറിലെ ഗ്രൗണ്ട് ഫ്ളോറിലാണ് ഓഫീസ് തുറന്നത്.

തിരുവനന്തപുരം ബന്ധൻ മ്യൂചൽ ഫണ്ടിന്റെ വേഗത്തിൽ വളരുന്ന വിപണിയാണ്. ഇത് സാമ്പത്തിക അവബോധം കൂടുതൽ വർദ്ധിപ്പിക്കുന്നതിനും മ്യൂചൽ ഫണ്ടുകളിൽ കൂടുതൽ താൽപ്പര്യം സൃഷ്ടിക്കുന്നതിനും ഞങ്ങളുടെ ഉപഭോക്താക്കൾക്ക് മികച്ച സേവനം നൽകുന്നതിനും ഉപകരിക്കുമെന്ന് ബന്ധൻ എഎംസി റീട്ടെയിൽ (വെസ്റ്റ് ആൻഡ് സൗത്ത്) ബിസിനസ് ഹെഡ് അമിത് അറോറ പറഞ്ഞു.

# അതിജീവനത്തിന്റെ അടയാളങ്ങളായ പുതപ്പുകൾ ;

## മുറിവുണക്കിയ സ്ത്രീകളുടെ കഥ പറഞ്ഞു ഭാഷാ ചക്രവർത്തി ബിനാലെയിൽ

**കൊച്ചി:** ഫോർട്ട് കൊച്ചി ആസ്പിൻവാൾ ഹൗസിലെ കൊച്ചിമുസിരിസ് ബിനാലെ വേദിയിൽ ഭാഷാ ചക്രവർത്തിയുടെ കലാപ്രതിഷ്ഠ തുന്നിച്ചേർത്ത കുറെ തുണികളാണ്. 'ഡയസ്പോറ ട്രാൻസ്ക്രിപ്ഷൻസ് 2025' എന്ന സൃഷ്ടി നൂറ്റാണ്ടുകൾ നീണ്ടുനിന്ന അതിജീവനത്തിന്റെയും ഉണങ്ങുന്ന മുറിവുകളുടെയും കഥ പറയുന്നു.ആഫ്രിക്കൻ വംശജരുടെയും മറ്റ് കുടിയേറ്റക്കാരുടെയും ചരിത്രവും അവർ നടത്തിയ അതിജീവനത്തിന്റെയും കഥയാണ് ഭാഷാ ചക്രവർത്തി അവതരിപ്പിക്കുന്നത്. കൂട്ടിത്തുന്നിയ പുതപ്പുകൾ കുടിയേറ്റക്കാരുടെ കലയും രാഷ്ട്രീയവും സംസ്കാരവും പ്രമേയമാക്കുന്നു.

കലാപ്രതിഷ്ഠയുടെ പശ്ചാത്തലത്തിൽ കേൾക്കുന്ന സ്ത്രീകളുടെ പാട്ടുകൾക്കൊപ്പം നീല ചുവരുകളുള്ള മുറിയിൽ ഏഴ് വലിയ പുതപ്പുകളും പെയിന്റിംഗുകളുമാണ് പ്രദർശിപ്പിച്ചിരിക്കുന്നത്. ഏഴ് ഭൂഖണ്ഡങ്ങളെയും സംഗീതത്തിലെ ഏഴ് സ്വരങ്ങളെയും ഈ പുതപ്പുകൾ ബന്ധിപ്പിക്കുന്നു. കുട്ടിക്കാലം മുതൽ അമ്മയിൽ നിന്ന് പഠിച്ച തുന്നൽ വിദ്യയാണ് തന്റെ കലയുടെ അടിസ്ഥാനമെന്ന് ഹോണോലുലുവിൽ ജനിച്ച ഭാഷാ ചക്രവർത്തി പറഞ്ഞു. സ്വന്തം കുടുംബാംഗങ്ങളുടെ പഴയ വസ്ത്രങ്ങൾ ഉപയോഗിച്ചാണ് ഇവ നിർമ്മിച്ചിരിക്കുന്നത്. ഇതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഹവായ്, ഇറ്റലി, ജർമ്മനി, ഇന്ത്യ, യുഎസ് എന്നിവിടങ്ങളിൽ വെച്ച് തുന്നിയ ഭാഗങ്ങൾ ഇവിടെയെത്തിച്ച് യോജിപ്പിക്കുകയായിരുന്നു. അലബാമയിലെ ആഫ്രിക്കൻഅമേരിക്കൻ വംശജരിൽ നിന്നും കർണാടകയിലെ സിദ്ധി വിഭാഗത്തിൽപ്പെട്ട സ്ത്രീകളിൽ നിന്നും താൻ തുന്നൽ കലയെക്കുറിച്ച് കൂടുതൽ പഠിച്ചുവെന്ന് അവർ വ്യക്തമാക്കി.



തുന്നലിനൊപ്പം പാട്ടുപാടിയും വിശേഷങ്ങൾ പങ്കുവെച്ചും സൃഷ്ടിക്കുന്ന പുതപ്പുകൾ അതിജീവനത്തിന്റെയും കരുത്തിന്റെയും കരുതലിന്റെയും അടയാളങ്ങളാണ്. കീറിയ വസ്ത്രങ്ങൾ തുന്നിച്ചേർക്കുന്നത് മുറിവുകൾ ഉണക്കുന്നതിനും ബന്ധങ്ങൾ പുതുക്കുന്നതിനും തുല്യമാണെന്നും അവർ കൂട്ടിച്ചേർത്തു. ബാക്കിയായ തുണിത്തരങ്ങളിൽ നിന്ന് നിർമ്മിച്ച പേപ്പറുകളിലാണ് ചുവരിലെ ചിത്രങ്ങൾ ഒരുക്കിയിരിക്കുന്നത്. അലബാമയിലും കർണാടകയിലും കൊച്ചിയിലും റെക്കോർഡ് ചെയ്ത ഗാനങ്ങൾ ഈ പ്രദർശനത്തിന് പശ്ചാത്തലമൊരുക്കുന്നുണ്ട്. സ്ത്രീകൾക്ക് സമൂഹം നൽകുന്ന സ്ഥാനം, പ്രകൃതിയുമായുള്ള ബന്ധം, അധികാരത്തിനും ലിംഗ വ്യത്യാസങ്ങൾക്കും ഇടയിൽ സമഭായത്തിന്റെ സംഭാഷണം നടത്താനുള്ള സ്ത്രീകളുടെ കഴിവിനെയും ഈ കലാപ്രതിഷ്ഠ പ്രതിനിധാനം ചെയ്യുന്നു.

# മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ഇനി മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ്

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് ആയി പുനർനാമകരണം ചെയ്തു. 2025 ഡിസംബർ 31ന് അവസാനിച്ച ഒൻപതു മാസങ്ങളിൽ ആകെ 113.93 കോടി രൂപയുടെ അറ്റാദായവും ശക്തമായ വരുമാന വർധനവും സുസ്ഥിരത്രൈമാസ വളർച്ചയും കൈവരിച്ചു. ഭാവിയിലേക്കുള്ള സാമ്പത്തിക സേവനങ്ങൾക്കായി തയ്യാറെടുത്ത് പ്രൊഫഷണലായി മാനേജ് ചെയ്യുന്ന സ്ഥാപനത്തിലേക്കുള്ള തങ്ങളുടെ മുന്നേറ്റമാണ് മുത്തൂറ്റ് എംക്രെഡിലേക്കുള്ള മാറ്റമെന്ന് മുത്തൂറ്റ് എംക്രെഡ് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ മാത്യു മുത്തൂറ്റ് പറഞ്ഞു.

കമ്പനി ആകെ കൈകാര്യം ചെയ്യുന്ന ആസ്തികൾ 5494.58 കോടി രൂപയാണ്. സ്ഥിരമായ ബിസിനസ് വളർച്ചയെയും പ്രവർത്തന മികവിനെയുമാണിത് സൂചിപ്പിക്കുന്നത്. ഈ നേട്ടത്തിനൊപ്പമാണ് കമ്പനി വളരെ നിർണായകമായ പ്രഖ്യാപനം നടത്തുന്നത്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിലെ പ്രവർത്തനങ്ങളിൽ നിന്ന് ആകെ 294.83 കോടി രൂപയുടെ വരുമാനമാണ് കമ്പനി നേടിയത്.

കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിലെ ആകെ വരുമാനം 203.52 കോടി രൂപയായിരുന്നു. നടപ്പു സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തിലെ അറ്റാദായം മുൻ വർഷത്തിലെ ഇതേ കാലയളവിലെ 27.18 കോടി രൂപയിൽ നിന്ന് ഉയർന്ന് 52.16 കോടി രൂപയായി. മുൻ വർഷം ഇതേ ത്രൈമാസത്തെ അപേക്ഷിച്ച് നടപ്പ് വർഷത്തിലെ പ്രവർത്തന വരുമാനം 44.86 ശതമാനവും അറ്റാദായം 91.88 ശതമാനവും വർധിച്ചിട്ടുണ്ടെന്നും മാത്യു മുത്തൂറ്റ് പറഞ്ഞു.

നിയന്ത്രണ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ലിസ്റ്റ് ചെയ്ത എൻസിഡികൾക്ക് ആവശ്യമായ രീതിയിലെ ആസ്തികൾ മുത്തൂറ്റ് എംക്രെഡ് നിലനിർത്തുമെന്നും അദ്ദേഹം വ്യക്തമാക്കി.

# പോളികാബിന്റെ പുതിയ ബിഎൽഡിസി ഫാൻ

**കൊച്ചി:** വേനൽക്കാലം ആരംഭിക്കുന്നതോടെ പ്രീമിയം ഫാൻ ശ്രേണിയെ കൂടുതൽ വിപുലീകരിച്ച് പോളികാബ്. സൈലെൻസിയോ മിനി എൽഇഡി എന്ന ആധുനിക ബിഎൽഡിസി സീലിംഗ് ഫാൻ അവതരിപ്പിച്ചു. ആധുനിക വീടുകളുടെ അകത്തളങ്ങളോട് ചേർന്നുനിൽക്കുന്ന രീതിയിലാണ് ഇതിന്റെ രൂപകൽപ്പനയെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ശബ്ദമില്ലാത്ത പ്രകടനം, വേഗത വ്യക്തമായി കാണിക്കുന്ന എട്ട് എൽഇഡി ലൈറ്റുകൾ, അലങ്കാര ബെല്ലോ ഡെക്കോ കവർ എന്നിവയും ഇതിലുണ്ട്.



അത്യാധുനിക ബിഎൽഡിസി സാങ്കേതികവിദ്യയും 100 ശതമാനം കോപ്പർ വയറിംഗ് മോട്ടോറും ഉപയോഗിച്ച് പ്രവർത്തിക്കുന്ന സൈലെൻസിയോ മിനി എൽഇഡി ദീർഘകാല ദൈർഘ്യവും സ്ഥിരതയാർന്ന പ്രകടനവും ഉറപ്പാക്കുന്നു. 50ശതമാനം വരെ വൈദ്യുതിയും ലാഭിക്കാം. സ്ലീക് റിമോട്ടോടു കൂടി എത്തുന്ന ഈ ഫാനിൽ കൃത്യമായ എയർഫ്ളോ നിയന്ത്രണത്തിനായി 25 സ്പീഡ് സെറ്റിംഗുകൾ, ഇളം കാറ്റിനായി ബ്രീസ് മോഡ്, വേഗത്തിൽ കാറ്റ് നൽകുന്ന ബൂസ്റ്റ് പ്ലസ് പ്ലസ് മോഡ്, സ്ലീപ് മോഡ് എന്നിവയുമുണ്ട്. ഫോർവേഡ്, റിവേഴ്സ് എന്നീ രണ്ട് മോഡുകൾ ഉള്ളതിനാൽ വേനലും ശീതകാലവും ഉൾപ്പടെ എല്ലാ കാലാവസ്ഥയിലും സൗകര്യപ്രദമായ വായുസഞ്ചാരം ഉറപ്പാക്കുന്നു.

മിനിമലിസ്റ്റിക് ഡിസൈനിൽ ഒരുക്കിയിരിക്കുന്ന ഈ ഫാൻ കൊക്കോ ബ്രോൺസ്, പാസ്റ്റൽ ഐവറി, മാറ്റ് സ്നോ വൈറ്റ്, ഹണി ഗോൾഡ്, ടൈറ്റാനിയം ഗ്രേ, എവറസ്റ്റ് വൈറ്റ്, എർത്ത് ബ്രൗൺ, മാറ്റ് ഓണിക്സ് ബ്ലാക്ക് എന്നീ നിറങ്ങളിൽ ലഭ്യമാണ്.

7199 രൂപയാണ് വില. റീട്ടെയിൽ, ഇലക്ട്രിക്കൽ കടകളിൽ ഫാൻ ലഭ്യമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

# കോബ്രാൻഡഡ് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ച് ആക്സിസ് ബാങ്ക്

കൊച്ചി: ആക്സിസ് ബാങ്കും ഇൻഡിഗോയും ചേർന്ന് ഇൻഡിഗോ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡും ഇൻഡിഗോ ആക്സിസ് ബാങ്ക് പ്രീമിയം ക്രെഡിറ്റ് കാർഡും പുറത്തിറക്കി. ഇരു കാർഡുകളിലേയും അർഹമായ ഇടപാടുകൾ ഇൻഡിഗോയുടെ ലോയൽറ്റി പരിപാടിയായ ഇൻഡിഗോ ബ്ലൂചിപിന് അർഹമായിരിക്കും. റിന്യൂവൽ ആനുകൂല്യങ്ങൾ, മൈൽസ്റ്റോൺ ആനുകൂല്യങ്ങൾ, ലൈഫ്സ്റ്റൈൽ ആനുകൂല്യങ്ങൾ, കുറഞ്ഞ വിദേശനാണ്യ വിനിമയ നിരക്കുകൾ തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കും.

റീട്ടെയിൽ വിഭാഗത്തെ ലക്ഷ്യമാക്കി 799 രൂപയും ജിഎസ്ടിയും എന്ന നിരക്കിലാണ് ഇൻഡിഗോ ആക്സിസ് ബാങ്ക് ക്രെഡിറ്റ് കാർഡ് അവതരിപ്പിച്ചിട്ടുള്ളത്. ഇൻഡിഗോ ആക്സിസ് ബാങ്ക് പ്രീമിയം ക്രെഡിറ്റ് കാർഡ് 5000 രൂപയും ജിഎസ്ടിയും എന്ന നിരക്കിലാണ് ലഭ്യമായിട്ടുള്ളത്. റൂപെ, വീസ ശൃംഖലകളിൽ ഇവ ലഭ്യമാണ്. സവിശേഷമായ യാത്രാ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന വിധത്തിലാണ് കാർഡുകൾ രൂപകൽപന ചെയ്തിട്ടുള്ളതെന്ന് ആക്സിസ് ബാങ്ക് കാർഡ്സ്, പെയ്മെന്റ്സ് ആന്റ് വെൽത്ത് മാനേജുമെന്റ് വിഭാഗം മേധാവിയും പ്രസിഡന്റുമായ അർണിക ഡിക്ഷിത്ത് പറഞ്ഞു. ദൈനംദിന ചെലവഴിക്കലുകൾ ഇൻഡിഗോ ബ്ലൂചിപുകളാക്കി മാറ്റാൻ ഇതു സഹായകമാകുമെന്ന് ഇൻഡിഗോ ചീഫ് ഡിജിറ്റൽ ആന്റ് ഇൻഫർമേഷൻ ഓഫിസർ നീതൻ ചോപ്ര പറഞ്ഞു.

# എൽഐസി മ്യൂച്വൽ ഫണ്ട് ടെക്നോളജി ഫണ്ട് പുറത്തിറക്കി

**കൊച്ചി:** രാജ്യത്തെ സാങ്കേതിക മേഖലയ്ക്ക് ഊന്നൽ നൽകി എൽഐസി മ്യൂചൽ ഫണ്ട് പുതിയ ടെക്നോളജി ഫണ്ട് പുറത്തിറക്കി. പുതിയ ഫണ്ട് ഓഫർ 2026 ഫെബ്രുവരി 20 ന് തുടങ്ങി മാർച്ച് 6ന് അവസാനിക്കും. തുടർ സബ്സ്ക്രിബ്ഷനുവേണ്ടി മാർച്ച് 19ന് വീണ്ടും തുറക്കും. എൻഎഫ്ഒ യുടെ കുറഞ്ഞ അപേക്ഷാ തുക 1000 രൂപയും അതിന്റെ ഒരു രൂപ വീതമുള്ള ഗുണിതങ്ങളുമായിരിക്കും.

കുറഞ്ഞ എസ്ഐപി തുക 200 രൂപയും ഒരു രൂപ വീതമുള്ള അതിന്റ ഗുണിതങ്ങളുമായിരിക്കും. കുറഞ്ഞ പാദ വാർഷിക അടവു സംഖ്യ 1000 രൂപയും ഒരു രൂപ വീതമുള്ള ഗുണിതങ്ങളുമായിരിക്കും. പരമ്പരാഗത ഐടി അധിഷ്ഠിത വ്യവസായങ്ങൾക്കപ്പുറം സെമികണ്ടക്ടറുമായി ബന്ധപ്പെട്ട കമ്പനികൾ, ഡാറ്റാ സെന്റർ ഓപ്പറേഷൻസ്, ഡിജിറ്റൽ കൊമേഴ്സ് പ്ലാറ്റ്ഫോമുകൾ, ഇന്റർനെറ്റ് ബിസിനസുകൾ, പുതിയ സാങ്കേതിക സംരംഭങ്ങൾ എന്നിവയ്ക്ക് മൂലധനം നൽകുകയാണ് ലക്ഷ്യം. ബിഎസ്ഇയുടെ ടെക് ടോട്ടൽ റിട്ടേൺ ഇൻഡെക്സിൽ (ടിആർഐ) ലിസ്റ്റ് ചെയ്യപ്പെടുന്ന ഫണ്ടിന്റെ മാനേജർമാർ കരൺ ദോഷിയും ജയപ്രകാശ് തോഷ്നിവാളുമാണെന്ന് എൽഐസി മ്യൂചൽ ഫണ്ട് ഇകിറ്റി വിഭാഗം ചീഫ് ഇൻവെസ്റ്റ്മെന്റ് ഓഫീസർ യോഗേഷ് പട്ടീൽ പറഞ്ഞു.

## ഡി.പ്രസന്ന കുമാർ ഐസിഎഐ പ്രസിഡന്റ്



**കൊച്ചി:** ദി ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെ (ഐസിഎഐ) പുതിയ പ്രസിഡന്റായി പ്രസന്ന കുമാർ ഡി തിരഞ്ഞെടുക്കപ്പെട്ടു. മംഗേഷ് പാണ്ഡുരംഗ് കിനാരെയാണ് വൈസ് പ്രസിഡന്റ്. ഐസിഎഐയുടെ 26ാം കൗൺസിലാണ് 2026-27 കാലയളവിലേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുത്തത്. 2025-26ൽ പ്രസന്ന കുമാർ സംഘടനയുടെ വൈസ് പ്രസിഡന്റായിരുന്നു. ഈ കാലയളവിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ചാർട്ടേഡ് അക്കൗണ്ട്സ് ബെനവലന്റ് ഫണ്ട് വഴി 6.09 കോടി സംഭാവനയായി സമാഹരിക്കുകയും 2.24 കോടി സഹായമായി വിതരണം ചെയ്യുകയും ചെയ്തു. ഐസിഎഐയുടെ വെസ്റ്റേൺ ഇന്ത്യ റീജിയണൽ കൗൺസിലിന്റെ ചെയർമാനായും മംഗേഷ് പാണ്ഡുരംഗ് കിനാരെ പ്രവർത്തിച്ചിരുന്നു.

# മെഴ്സിഡസ് ബെൻസുമായി കൈകോർത്ത് ചാർജ്മേഡ്

**കൊച്ചി :** പ്രമുഖ എനർജി ടെക് സ്റ്റാർട്ടപ്പും, ഇന്ത്യയിലെ ഇലക്ട്രിക് വാഹന ചാർജിംഗ് രംഗത്തെ മുൻനിരക്കാരുമായ ചാർജ്മോഡ്, മെഴ്സിഡസ് ബെൻസ് ഇന്ത്യയുമായുള്ള പങ്കാളിത്തം പ്രഖ്യാപിച്ചു. ഇതിലൂടെ ചാർജ്മോഡിന്റെ അഞ്ഞൂറിലധികം ചാർജിംഗ് പോയിന്റുകൾ മെഴ്സിഡസ് ബെൻസിന്റെ 'എംബി ചാർജ് പബ്ലിക്' ഡിജിറ്റൽ ഇക്കോസിസ്റ്റവുമായി നേരിട്ട് ബന്ധിപ്പിക്കും. ഇത് മെഴ്സിഡസ് ബെൻസ് വാഹന ഉടമകൾക്ക് ഉന്നത നിലവാരത്തിലുള്ളതും, തടസ്സരഹിതവുമായ ചാർജിംഗ് അനുഭവം ഉറപ്പാക്കാൻ സഹായിക്കുമെന്ന് ചാർജ്മോഡ് സഹസ്ഥാപകനും സിഇഒയുമായ എം. രാമനുണ്ണി പറഞ്ഞു.

ചാർജ്മോഡ് ശൃംഖല, മെഴ്സിഡസ് ബെൻസിന്റെ ഡിജിറ്റൽ സംവിധാനവുമായി ഒന്നിക്കുന്നതിലൂടെ, ഉപഭോക്താക്കൾക്ക് കൂടുതൽ സുഗമമായ രീതിയിൽ വാഹനം ചാർജ് ചെയ്യാൻ സാധിക്കും. പൊതു ചാർജിംഗ് കേന്ദ്രങ്ങളിൽ നേരിടാറുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ ഈ ഏകീകൃത സംവിധാനം സഹായിക്കുന്നു. മെഴ്സിഡസ് ബെൻസ് ആപ്പ് (എംബി ചാർജ് പബ്ലിക്) വഴിയോ, വാഹനത്തിലെ എംബിയുഎക്സ് മൾട്ടിമീഡിയ സിസ്റ്റം വഴിയോ, ചാർജിംഗ് സ്റ്റേഷനുകൾ കണ്ടെത്താനും, ഏകീകൃത പേയ്മെന്റ് ഗേറ്റ്‌വേ ഉപയോഗിച്ച് പണമടയ്ക്കാനും ഇനി മുതൽ ഉപഭോക്താക്കൾക്കാകുമെന്നും അദ്ദേഹം വ്യക്തമാക്കി.

# സൈലം ക്രാഷ് കോഴ്സ്: പ്രവേശനം ആരംഭിച്ചു

**കൊച്ചി:** സൈലം ലേണിംഗ് നീറ്റ്/കീം 2026 പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായി ക്രാഷ് കോഴ്സിലേക്കുള്ള പ്രവേശനം ആരംഭിച്ചു. മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകളിൽ മികച്ച വിജയം ലക്ഷ്യമിടുന്ന വിദ്യാർത്ഥികൾക്കായുള്ള ക്രാഷ് കോഴ്സിനായി കച്ചേരിപ്പടി, മൂവാറ്റുപുഴ, അങ്കമാലി എന്നിവിടങ്ങളിലാണ് സൈലം ക്രാഷ് സെന്ററുകൾ തുടങ്ങുന്നത്. മാർച്ച് അവസാന ആഴ്ചയിൽ ക്ലാസുകൾ ആരംഭിക്കും. എൻട്രൻസ് പരിശീലന മേഖലയിലെ പരിചയസമ്പന്നരും പ്രഗത്ഭ ഫാക്കൽറ്റി അംഗങ്ങളും സെഷനുകൾ നയിക്കും.

# ആലപ്പുഴയിലെ രണ്ട് ക്ഷേത്രങ്ങളിൽ റോബോട്ടിക് ആനകൾ



**ആലപ്പുഴ:** കേരളത്തിലെ ക്ഷേത്രോത്സവങ്ങളിൽ വിപ്ലവകരമായ മാറ്റത്തിന് വിപ്ലവകരമായ മാറ്റത്തിന് തുടക്കമിട്ടുകൊണ്ട് ആലപ്പുഴ ജില്ലയിലെ രണ്ട് പ്രമുഖ ക്ഷേത്രങ്ങളിൽ റോബോട്ടിക് ആനകളെ സമർപ്പിച്ചു. വോയ്സസ് ഫോർ ഏഷ്യൻ എലിഫന്റ്സ് എന്ന സംഘടനയുടെ നേതൃത്വത്തിലാണ് ജില്ലയിൽ ആദ്യമായി ജീവനുള്ള ആനകൾക്ക് പകരം അത്യാധുനികമായ ഈ ബദൽ സംവിധാനം ഏർപ്പെടുത്തിയത്. പാണാവള്ളി നീലംകുളങ്ങര ശ്രീനാരായണ വിലാസം ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിലേക്കും ചേർത്തല ഓംകാരേശ്വരം ശ്രീരാമ സുബ്രഹ്മണ്യ ക്ഷേത്രലേക്കുമാണ് റോബോട്ടിക് ആനകളെ കൈമാറിയത്. 'നീലംകുളങ്ങര വിഷ്ണുദാസൻ', 'ഓംകാരേശ്വരം രാമസേനാപതി' എന്നീ റോബോട്ടിക് ആനകളെ പൂർണ്ണമായ ആചാരങ്ങളോടെ ക്ഷേത്ര സമിതികൾ ഏറ്റുവാങ്ങി. ചാലക്കുടിയിലെ ഫോർ ഹീ ആർട്സ് ക്രിയേഷൻസ് ആർട്ടിസ്റ്റ് പ്രശാന്ത് പ്രകാശിന്റെ നേതൃത്വത്തിൽ ഫൈബറും റബ്ബറും ഉപയോഗിച്ചാണ് ഇവ നിർമ്മിച്ചത്. പത്തടി ഉയരവും 500 കിലോ ഭാരവുമുള്ള ഈ റോബോട്ടിക് ആനകളുടെ കണ്ണുകൾ, ചെവികൾ, തുമ്പിക്കൈ, വാൽ എന്നിവ ചലിക്കുന്നവയാണ്. എഴുന്നള്ളത്ത് സമയത്ത് നാല് പേർക്ക് വരെ ഇവയുടെ പുറത്ത് കയറാൻ സാധിക്കും. പാരമ്പര്യവും ആചാരപ്പൊലിമയും ഒട്ടും ചോർന്നുപോകാതെ തന്നെ മൃഗങ്ങളോടുള്ള ക്രൂരത അവസാനിപ്പിക്കാൻ ഈ സംവിധാനം സഹായിക്കുന്നു. ഉത്സവപ്പറമ്പുകളിലെ അമിതമായ ശബ്ദകോലാഹലങ്ങളും ചുട്ടുപൊള്ളുന്ന വെയിലും ആനകളിൽ വലിയ മാനസിക സമ്മർദ്ദമാണ് ഉണ്ടാക്കുന്നത്. ഇത് പലപ്പോഴും അവ അക്രമാസക്തരാകാനും ഭയാനകമായ ദുരന്തങ്ങൾ സംഭവിക്കാനും കാരണമാകുന്നു. കാടുകളിൽ സ്വതന്ത്രമായി കഴിയേണ്ട ആനകളെ നാട്ടിലെ സാഹചര്യങ്ങളിലേക്ക് മാറ്റുന്നത് അവയുടെ അകാല മരണത്തിനും കാരണമാകുന്നു. അടുത്തകാലത്തതായി ഉത്സവങ്ങൾക്ക് വരുന്ന ആനകളുമായി ബന്ധപ്പെട്ട അപകടങ്ങളും പാപ്പാന്മാരുടെ ദാരുണ അന്ത്യവുമെല്ലാം നിലവിലെ രീതികൾ മാറേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കുന്നതാണന്ന് വി.എഫ്.എ.ഇ.എസ് സ്ഥാപകയും മാനേജിംഗ് ഡയറക്ടറുമായ സംഗീത അയ്യർ പറഞ്ഞു.നേരത്തെ തമിഴ്നാട്ടിലെ ശ്രീ ശങ്കരൻ കോവിലിലും തൃശ്ശൂർ ചക്കംപറമ്പ് ശ്രീ ഭഗവതി ക്ഷേത്രത്തിലും സംഘടന റോബോട്ടിക് ആനകളെ നൽകിയിരുന്നു.


# ജല സംരക്ഷണം: രാജ്യവ്യാപക ക്യാംപെയിനുമായി മിർച്ചി എഫ് എം

**കൊച്ചി:** ശുദ്ധജല സ്രോതസുകൾ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി രാജ്യവ്യാപക ക്യാമ്പയിന് തുടക്കമിട്ട് മിർച്ചി എഫ് എം. 'ജൽ വാണി' എന്ന പേരിൽ ആരംഭിക്കുന്ന ക്യാമ്പയിനിൽ അഭിനേത്രി താപ്സി പന്നു, ഗായകൻ മോഹിത് ചൗഹാൻ, സംവിധായകൻ അനുഭവ് സിൻഹ എന്നിവർ ഭാഗമാകും.

കേന്ദ്ര ജലസേചന വകുപ്പിന്റെയും ദേശീയ ജലമിഷന്റെയും സഹകരണത്തോടെ സംഘടിപ്പിക്കുന്ന ക്യാമ്പയിനിലൂടെ രാജ്യത്തെ വിവിധയിടങ്ങളിൽ മിർച്ചി ആർ ജെകൾ ജല സംരക്ഷണ പരിപാടികൾ, സമൂഹമാധ്യമ പ്ലാറ്റ്ഫോമിലൂടെയുള്ള ബോധവൽക്കരണം എന്നിവ സംഘടിപ്പിക്കും.

സുലഭമായി ലഭിക്കുന്ന ജലം എത്രമാത്രം അമൂല്യമാണെന്ന് ജനങ്ങളെ ഓർമപ്പെടുത്തുന്നതിനാണ് ക്യാമ്പയിനെന്നും വെള്ളത്തിന്റെ ദുരുപയോഗം പരമാവധി തടയുകയാണ് ലക്ഷ്യമെന്നും ഗായകൻ മോഹിത് ചൗഹാൻ അഭിപ്രായപ്പെട്ടു.

# ഇഫ്താർ വിരുന്നുകളുമായി റമദാനെ വരവേറ്റ് ദുബായ്



**ദുബായ്:** ഫെബ്രുവരി 19 മുതൽ മാർച്ച് 19 വരെയുള്ള റമദാൻ മാസത്തിൽ ദുബായ് നഗരത്തിലുടനീളം പ്രത്യേക ഇഫ്താർ വിരുന്നുകളും സാംസ്കാരിക പരിപാടികളും നടക്കും. സന്ദർശകർക്ക് പരമ്പരാഗതവും രാജ്യാന്തരവുമായ വിഭവങ്ങളോടൊപ്പം വ്യത്യസ്ത വേദികളിൽ ഇഫ്താർ അനുഭവങ്ങൾക്കായി ഒരുമിച്ച് കൂടാനും അവസരം ലഭിക്കും.

അറ്റ്ലാന്റീസ് ദി പാം, അർമാനി ഹോട്ടൽ, ബാബ് അൽ ഷാംസ് ഡെസേർട്ട് റിസോർട്ട്, മദിനത്ത് ജുമൈറിയ, ജിയാർഡിനോ പലാസോ വേർസാസ് തുടങ്ങിയ അന്താരാഷ്ട്ര ഹോട്ടലുകൾ റമദാൻ കാലത്തെ വരവേൽക്കാനായി ഒരുങ്ങിയിരിക്കുകയാണ്. അറ്റ്ലാന്റീസ് ദി പാമിലെ അസാതീർ ടെന്റിലെ ഇഫ്താർ ബുഫെയിൽ ക്ലാസിക് മിഡിൽ ഈസ്റ്റേൺ വിഭവങ്ങളായ ലാംപ് ഔസി, ചിക്കൻ മന്തി, മെസ് പ്ലേറ്ററുകൾ, ലെന്റിൽ സൂപ്പ്, അറബിക് ബ്രെഡുകൾ എന്നിവയും ഇന്ത്യൻ കറികളും ഏഷ്യൻ സ്റ്റെർഫ്രൈകളും മറ്റും ലഭ്യമാണ്. മധുരപലഹാര വിഭാഗത്തിൽ കുനാഫ, ഉമ്മാലി, ബക്ലവ എന്നിവയും പരമ്പരാഗത റമദാൻ പാനീയങ്ങളായ ഖമർദീൻ, ജെല്ലബ് എന്നിവയും ലഭിക്കും.

അർമാനി ഹോട്ടൽ റമദാൻ രാത്രികൾ നഗരദൃശ്യങ്ങളോടൊപ്പം പ്രത്യേക ഇഫ്താർ ഒരുക്കുന്നു. ബാബ് അൽ ഷാംസ് ഡെസേർട്ട് റിസോർട്ടിലെ അൽ ഹദീറയിൽ പരമ്പരാഗത മരുഭൂമി പശ്ചാത്തലത്തിൽ ഇഫ്താർ സംഘടിപ്പിക്കുന്നു. മദിനത്ത് ജുമൈറിയലെ അൽ മജ്ലിസിൽ ഇൻഡോർപൂന്തോട്ട ഇഫ്താർ സൗകര്യം ഒരുക്കുന്നു. പലാസോ വേർസാസയിൽ പേർഷ്യൻ, അറബിക്, മെഡിറ്ററേനിയൻ, ഏഷ്യൻ രുചികളിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് തയ്യാറാക്കിയ വിഭവങ്ങളാണുള്ളത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com